## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5108** **15/11/2019- ൽ മറുപടിയ്ക്ക്**

### വസ്തുവിന്റെ സ്വഭാവ വ്യതിയാനം വരുത്തൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സജി ചെറിയാൻ | | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) പത്ത് സെന്റിൽ കുറവ് ഭൂമി ഉള്ളവരും, ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളവരും, വസ്തുവിന്റെ സ്വഭാവ വ്യതിയാനം വരുത്തി വീട് നിർമ്മിക്കുന്നതിനുള്ള അനുവാദത്തിനായി ബന്ധപ്പെട്ട കൃഷി പ്രിൻസിപ്പൽ ആഫീസർക്ക് അപേക്ഷ സമർപ്പിച്ചിട്ട് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(സി) അനുവാദം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ; | (എ)<br>&<br>(സി) | നിലം പരിവർത്തനപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 9(8)-ലെ 1മുതൽ 4 വരെയുള്ള വ്യവസ്ഥകൾ പ്രകാരമാണ് പരിശോധിക്കുന്നതും, പരിഗണിയ്ക്കുന്നതും. ഇതുപ്രകാരം അപേക്ഷകനോ, അപേക്ഷകന്റെ കുടുംബത്തിനോ പ്രസ്തുത ജില്ലയിൽ വീട്ടു വയ്ക്കുന്നതിനാവശ്യമായ ഭൂമി ഇല്ലെന്നും , വീട്ടു നിർമ്മിക്കുന്നത് സ്വന്തം ആവശ്യത്തിനു വേണ്ടിയാണെന്നും ടി സ്ഥലം മറ്റു നെൽവയലുകളാൽ ചുറ്റപ്പെട്ടതല്ല എന്നും ഇപ്രകാരം പരിവർത്തനം ചേർന്നു കിടക്കുന്ന നെൽവയലുകളിലെ കൃഷിയേയും പാരിസ്ഥിതിക വ്യവസ്ഥയേയും ബാധിക്കുകയില്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്. ഇത്തരം പരിശോധനകൾക്ക് സാങ്കേതികവും ശാസ്ത്രീയവുമായ ഉപാധികളും പരിശോധനാ നിരീക്ഷണങ്ങളും ആവശ്യമാണ്. അതോടൊപ്പം ഭൂമി സംബന്ധിച്ച വിഷയങ്ങളിൽ ആധികാരികത ഉറപ്പു വരുത്തുന്നതിന് റവന്യൂ രേഖകളുടെ വിശദമായ പരിശോധനയും ആവശ്യമാണ്. ഇക്കാര്യങ്ങൾ നിയമത്തിലെ വ്യവസ്ഥകൾക്കും ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾക്കും വിധേയമായി ഉറപ്പു വരുത്തുന്നതിനാലാണ് ഇത്തരം സാങ്കേതിക പരിശോധനയ്ക്കും നിശ്ചിത സമയം ആവശ്യമായി വരുന്നത്. എന്നാൽ ഈ പരിശോധനകൾ പൂർത്തിയാകുന്ന വേളയിൽ അർഹമായ അപേക്ഷകൾ തീർപ്പു കൽപ്പിക്കുന്നതിന് മറ്റു സാങ്കേതിക തടസ്സങ്ങളില്ല. |

| | | | |
|---|---|---|---|
| (ബി) | ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ആഫീസിൽ എത്ര അപേക്ഷകളാണ് പ്രസ്തുത അനുവാദത്തിനായി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ, | (ബി) | നിലം നികത്തി വീട് വയ്ക്കുന്നതിന് 2017 ഡിസംബർ വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതാണ്. 2018 ജനുവരി മുതൽ നാളിതുവരെ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ 1080 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. |
| (ഡി) | ചെങ്ങന്നൂർ മണ്ഡലവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ഇതിനായി ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | 99 അപേക്ഷകൾ |

**സെക്ഷൻ ഓഫീസർ**